ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 10.07.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ജനാധിപത്യവും നിയമവാഴ്ചയുമാണ് ഇന്ത്യ - ഓസ്ട്രിയ ബന്ധത്തിൻറെ ശക്തമായ അടിത്തറയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഓസ്ട്രിയൻ പ്രസിഡൻ്റുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

   **Prime Minister Narendra Modi said, the shared belief in values such as democracy and rule of law are the strong foundations of India-Austria relations. PM Modi hold talks with Austrian President..**

2. വിവാഹമോചിതരായ മുസ്ലിം സ്ത്രീകൾക്ക് ജീവനാംശം തേടാൻ അർഹതയുണ്ടെന്ന് സുപ്രീം കോടതി

   **Muslim Woman Entitled To Maintenance From Husband After Divorce: Supreme Court**

3. രാജ്യത്തെ ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ വിലയിരുത്തി.

   **Union Health Minister JP Nadda Reviews Preparedness On Dengue.**

4. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമം നടത്തുന്നവരെ സർക്കാർ സംരക്ഷിക്കില്ലെന്ന് മന്ത്രി വീണാ ജോർജ്ജ്.

   **The government will not protect those who commit violence against women and children says Minister Veena George.**

5. ട്വൻറി - 20 ക്രിക്കറ്റിൽ ഇന്ത്യക്കെതിരെ സിംബാബ് വെയ്ക്ക് 183 റൺ വിജയലക്ഷ്യം

   **In T-20 cricket, India set a target of 183 runs against Zimbabwe.**

## EVE PM-AUSTRIA VISIT

ജനാധിപത്യവും നിയമവാഴ്ചയുമാണ് ഇന്ത്യ - ഓസ്ട്രിയ ബന്ധത്തിൻറെ ശക്തമായ അടിത്തറയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഓസ്ട്രിയൻ ചാൻസിലർ കാൾ നേഹമറുമായി വിയന്നയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യ-ഓസ്ട്രിയ സൗഹൃദം വരും കാലങ്ങളിൽ കൂടുതൽ ദൃഢമാകുമെന്ന് അദ്ദേഹം പ്രത്യാശ പങ്കുവച്ചു. വ്യാപാരം, നിക്ഷേപം, ശാസ്ത്ര സാങ്കേതികവിദ്യ, ഹരിത ഊർജം, നിർമ്മിത ബുദ്ധി, സ്റ്റാർട്ടപ്പുകൾ, പരിസ്ഥിതി- കാലാവസ്ഥാ വ്യതിയാനം, സാംസ്കാരിക സഹകരണം, എന്നീ രംഗങ്ങളിൽ ഇരുരാജ്യങ്ങളും പരസ്പര സഹകരണം ഉറപ്പുവരുത്തി.

(BYTE ....PM )

ആഗോള സൗരസഖ്യം, ജൈവ ഇന്ധന സഖ്യം എന്നിവ ഉൾപ്പെടെയുള്ള ഇന്ത്യയുടെ സംരംഭങ്ങളിൽ പങ്കുചേരാൻ ഓസ്ട്രിയയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ക്ഷണിച്ചു. ഓസ്ട്രിയൻ പ്രസിഡൻ്റ് അലക്സാണ്ടർ വാൻ ഡെർ ബെല്ലുമായും ശ്രീ നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി.

## PM AUSTRIA BUSINESS MEET

ഇന്ത്യയിലെയും ഓസ്ട്രിയയിലെയും പ്രമുഖ കമ്പനി മേധാവിമാരുമായി പ്രധാനമന്ത്രി നരേന്ദ്രമോദിയും ഓസ്ട്രിയൻ ചാൻസലർ കാൾനെഹ് മറും കൂടിക്കാഴ്ച നടത്തി. അടിസ്ഥാന സൗകര്യം, പുനരുപയോഗ ഊർജ്ജം, ഫിൻടെക്, സ്റ്റാർട്ടപ്പ്, തുടങ്ങിയ മേഖലകളിലെ സാധ്യതകൾ യോഗത്തിൽ ചർച്ച ചെയ്തു. ഇന്ത്യയിൽ നിക്ഷേപം നടത്താൻ ഓസ്ട്രിയൻ കമ്പനികളെ പ്രധാനമന്ത്രി നരേന്ദ്രമോദി ക്ഷണിച്ചു.

## REV. SC-MUSLIM WOMEN

വിവാഹമോചിതരായ മുസ്ലിം സ്ത്രീകൾക്ക് ക്രിമിനൽ നടപടി ക്രമത്തിലെ 125 ആം വകുപ്പ് പ്രകാരം ഭർത്താവിൽ നിന്ന് ജീവനാംശം തേടാൻ അർഹതയുണ്ടെന്ന് സുപ്രീം കോടതി. സെക്ഷൻ 125 CrPC പ്രകാരം വിവാഹമോചിതയായ ഭാര്യക്ക് ഇടക്കാല ജീവനാംശം നൽകാനുള്ള നിർദ്ദേശത്തിനെതിരെ സമർപ്പിച്ച ഹർജി കോടതി തള്ളി.

ജീവനാംശത്തിനുള്ള അപേക്ഷ പരിഗണനയിൽ ഉള്ളപ്പോൾ സ്ത്രീ

വിവാഹമോചനം നേടുകയാണെങ്കിൽ 2019 ലെ വിവാഹ അവകാശ സംരക്ഷണ നിയമത്തിൻറെ ആനുകൂല്യം ഒരു മുസ്ലിം സ്ത്രീക്ക് ലഭിക്കുമെന്നും ജസ്റ്റിസുമാരായ ബി വി നാഗരത്ന, അഗസ്റ്റിൻ ജോർജ്ജ് മസിഹ് എന്നിവരടങ്ങിയ ബഞ്ച് വിധിച്ചു. 1986-ലെ മുസ്ലീം സ്ത്രീകളുടെ വിവാഹമോചനാവകാശ സംരക്ഷണ നിയമം മതേതര നിയമത്തിന് അതീതമല്ലെന്നും പരമോന്നത കോടതി വ്യക്തമാക്കി.

## NADDA - DENGUE REVIEW MEET

രാജ്യത്ത് ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ വിലയിരുത്തി. ആരോഗ്യ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ഡെങ്കിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി മന്ത്രാലയം പദ്ധതികൾ തയ്യാറാക്കുമെന്നും സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. അടുത്ത 4-5 ദിവസത്തിനുള്ളിൽ ഹെൽപ്‌ലൈനുകൾ ആരംഭിക്കാൻ കേന്ദ്ര ആരോഗ്യമന്ത്രി സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി.

## ASSEMBLY WALKOUT

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. അരൂരിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ മർദിച്ചത് ഉൾപ്പെടെയുള്ള സംഭവങ്ങൾ ചൂണ്ടിക്കാട്ടിയാണ് പ്രതിപക്ഷം ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. ഇത്തരം അതിക്രമങ്ങളെ സർക്കാർ വളരെ ലാഘവത്തോടെയാണ് കാണുന്നതെന്ന് പ്രതിപക്ഷം ആരോപിച്ചു. അരൂർ സംഭവത്തിൽ പോലീസ് കേസ് എടുത്ത് നടപടി സ്വീകരിച്ചതായി മന്ത്രി വീണ ജോർജ് മറുപടി നൽകി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമം നടത്തുന്നവരെ സർക്കാർ സംരക്ഷിക്കില്ലെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയുടെ

അടിസ്ഥാനത്തിൽ സ്പീക്കർ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

## CM- PENSION

സർക്കാർ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട കുടിശ്ശിക സമയ ബന്ധിതമായി നൽകിത്തീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പ്രസ്താവന നടത്തി. സാധാരണക്കാർക്കും, ദുർബല വിഭാഗങ്ങൾക്കും നൽകാനുള്ള ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രസമീപനം മൂലമുണ്ടായ പണഞെരുക്കത്തിനിടയിലും, വികസന ക്ഷേമ പദ്ധതികളിൽ നിന്ന് സർക്കാർ പിന്നോട്ട് പോകില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## SARBANANDA SONOWAL TVM VISIT

കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജല ഗതാഗത വകുപ്പ് മന്ത്രി സർബാനന്ദ സോനാവാൾ നാളെ തിരുവനന്തപുരത്തെത്തും. ലൈറ്റ് ഹൌസ് വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി ഈ മേഖലയിലെ പങ്കാളികളുമായി അദ്ദേഹം ചർച്ച നടത്തും. രാവിലെ 10 മണിക്ക് വിഴിഞ്ഞം ലൈറ്റ് ഹൗസിൽ നടക്കുന്ന ചർച്ചയിൽ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജല ഗതാഗത വകുപ്പ് സഹമന്ത്രി ശ്രീ ശാന്തനു ഠാക്കൂറും പങ്കെടുക്കും.

## VC- GOVERNOR

സർവ്വകലാശാല ചാൻസലർ കൂടിയായ ഗവർണർക്കെതിരെ കോടതിയിൽ കേസ് നടത്തുന്ന വൈസ് ചാൻസലർമാർ സ്വന്തം ചെലവിൽ കേസ് നടത്തണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഗവർണർക്ക് എതിരെ കേസ് നടത്താൻ ഉപയോഗിച്ച സർവ്വകലാശാലാ ഫണ്ട് തിരിച്ചടക്കണമെന്നും ഗവർണർ നിർദ്ദേശിച്ചു. ഇക്കാര്യം ചൂണ്ടിക്കാട്ടി വിസിമാർക്ക് ഗവർണർ നോട്ടീസ് അയച്ചു.

## GEN AI CONCLAVE

രാജ്യത്തെ ആദ്യ അന്താരാഷ്ട്ര ജൻ എ ഐ കോൺക്ലേവിന് നാളെ കൊച്ചിയിൽ തുടക്കമാകും. നിർമിത ബുദ്ധിയുടെ പരിവർത്തന സാധ്യതകളും സമൂഹത്തിലെ സ്വാധീനവും ചർച്ച ചെയ്യുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നൂതന വ്യവസായങ്ങളുടെ ഹബ്ബാകാനുള്ള കേരളത്തിൻറെ ശ്രമങ്ങളിൽ ഏറ്റവും സുപ്രധാനമായ ചുവടുവെയ്പ്പായിരിക്കും ജൻ എ ഐ കോൺക്ലേവെന്ന് മന്ത്രി പി രാജീവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## PREZ- DURAND TOURNAMENT

രാഷ്ട്രപതി ദ്രൗപതി മുർമു 2024-ലെ ഡ്യൂറൻഡ് കപ്പ് ടൂർണമെൻ്റ് ട്രോഫികൾ അനാച്ഛാദനം ചെയ്തു. 2024ലെ ഡ്യൂറൻഡ് കപ്പ് ടൂർണമെൻ്റിൽ പങ്കെടുക്കുന്ന എല്ലാ കായികതാരങ്ങൾക്കും രാഷ്ട്രപതി ആശംസകൾ നേർന്നു.

## INDIA Vs ZIM T 20

ഇന്ത്യ - സിംബാബ്‌-വേ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ സിംബാബ്‌-വേ യ്ക്ക് 183 റൺസ് വിജയലക്ഷ്യം. ഇന്ത്യ നിശ്ചിത ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 182 റൺസ് നേടി. മറുപടി ബാറ്റിംഗിനിരങ്ങിയ സിംബാബ് വേ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 18 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 124 റൺസ് എന്ന നിലയിലാണ്.

## EURO CUP

യൂറോ കപ്പിൽ ഇന്ന് രാത്രി 12.30 ന് നടക്കുന്ന രണ്ടാം സെമിയിൽ ഇംഗ്ലണ്ട്-നെതർലൻഡ്സിനെ നേരിടും. ആദ്യ സെമിയിൽ ഫ്രാൻസിനെ 2 - 1 ന് പരാജയപ്പെടുത്തിയാണ് സ്പെയിൻ ഫൈനലിൽ കടന്നത്.

## KVIC REPORT

രാജ്യത്തെ ഖാദി, ഗ്രാമവ്യവസായ മേഖലയിലെ വിറ്റുവരവ് ആദ്യമായി 1.5 ലക്ഷം കോടി രൂപ കടന്നു. കെവിഐസിയുടെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള താൽക്കാലിക കണക്കുകളിലാണ് റെക്കോർഡ് നേട്ടം സൂചിപ്പിക്കുന്നത്. കഴിഞ്ഞ 10 വർഷത്തിനിടെ ഉൽപ്പാദനത്തിൽ 315% വർധനയും വിൽപ്പനയിൽ 400% വർധനയും നേടിയതായി റിപ്പോർട്ടിൽ പറയുന്നു. പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചതിൽ ചരിത്രത്തിലാദ്യമായി 81% വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്.

## ASHWANI - LOCO PILOTS

ലോക്കോ പൈലറ്റുമാരുടെ മനോവീര്യം കെടുത്തുന്ന രീതിയിൽ പ്രതിപക്ഷം തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുകയും നാടകീയത സൃഷ്ടിക്കുകയുമാണെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അടുത്തിടെ, ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ ലോക്കോ പൈലറ്റുമാരെ സന്ദർശിച്ച ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ലോക്കോ പൈലറ്റുമാർ 16 മണിക്കൂറോളം ജോലി ചെയ്യാൻ നിർബന്ധിതരാകുന്നു എന്നും അവർ നിരവധി ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുകയാണെന്നും ആരോപിച്ചിരുന്നു. ലോക്കോ പൈലറ്റുമാരുടെ ഡ്യൂട്ടി സമയം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും യാത്രയ്ക്ക് ശേഷം വിശ്രമം കൃത്യമായി നൽകുന്നുണ്ടെന്നും റെയിൽവേ മന്ത്രി അറിയിച്ചു. ലോക്കോ ക്യാബുകളിൽ സൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും ലോക്കോ പൈലറ്റുമാർക്ക് മികച്ച ഗുണനിലവാരമുള്ള വിശ്രമ സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

## CBSE- CLARIFICATION

എൻസിഇആർടി പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകളിൽ വ്യക്തത വരുത്തി കേന്ദ്രസർക്കാർ. മൂന്ന്, ആറ് ഒഴികെയുള്ള മറ്റ് ക്ലാസ്സുകളുടെ പാഠപുസ്തകങ്ങളിൽ ഇത്തവണ മാറ്റം

വരുത്തിയിട്ടില്ലെന്ന് സിബിഎസ്ഇ വ്യക്തമാക്കി. മുൻ വർഷത്തെ പാഠപുസ്തകം തന്നെയായിരിക്കും മറ്റുള്ള ക്ലാസുകളിൽ തുടരുക.

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 426 പോയിൻറ് ഇടിഞ്ഞ് 79,924 ലും ദേശീയ ഓഹരി നിഫ്റ്റി 108 പോയിൻറ് താഴ്ന്ന് 24,324 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണ്ണ വിലയിൽ മാറ്റമില്ല. ഗ്രാമിന് 6,710 ഉം പവന് 53,680 രൂപയുമാണ് ഇന്നത്തെ വില.

## KERALA -RAIN

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കോഴിക്കോട് കണ്ണൂർ. കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക തീരങ്ങളിൽ മത്സബന്ധനത്തിന് തടസ്സമില്ല. എന്നാൽ ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം.

## UTTARAKHAND LANDSLIDE

കനത്തമഴയെ തുടർന്ന് ഉത്തരാഖണ്ഡിലെ ബദരിനാഥ് ദേശീയ പാതയിൽ മണ്ണിടിച്ചിൽ. ചമോലി ജില്ലയിലെ പതാൽ ഗംഗ ലാങ്സി തുരങ്കത്തിന് സമീപം വാഹന ഗതാഗതം തടസ്സപ്പെട്ടു. ബദരീനാഥ് യാത്രയ്ക്ക് പോകുന്ന എല്ലാ തീർത്ഥാടകരും സുരക്ഷിത സ്ഥാനങ്ങളിൽ തുടരാൻ മുന്നറിയിപ്പുണ്ട് .

## UP - FLOOD

ഉത്തർ പ്രദേശിലെ പ്രളയബാധിത പ്രദേശങ്ങളിൽ മണ്ണൊലിപ്പ് മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകും. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഇന്ന് പ്രളയബാധിത ജില്ലകളായ പിലിഭിത്, ലഖിംപൂർ ഖിരി എന്നിവിടങ്ങളിൽ വ്യോമനിരീക്ഷണം നടത്തുകയും രക്ഷാപ്രവർത്തനം അവലോകനം ചെയ്യുകയും ചെയ്യു.

## BIMSTEC- FOREIGN AFFAIRS RETREAT

ബിംസ്റ്റെക് വിദേശകാര്യ മന്ത്രിമാരുടെ രണ്ടാമത് സമ്മേളനം നാളെ ന്യൂഡൽഹിയിൽ ആരംഭിക്കും. വിദേശ കാര്യ മന്ത്രി എസ്. ജയശങ്കർ സമ്മേളനത്തിൻറെ ആതിഥേയത്വം വഹിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ബംഗാൾ ഉൾക്കടൽ മേഖലയിലെ രാജ്യങ്ങളുടെ സുരക്ഷ, കണക്റ്റിവിറ്റി, വ്യാപാരം, നിക്ഷേപം എന്നിവയിലെ സഹകരണം മെച്ചപ്പെടുത്താൻ സമ്മേളനം അവസരം ഒരുക്കും. ബഹുമുഖ സഹകരണത്തിനായി ഏഴ് തെക്ക്, തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയാണ് ബിംസ്റ്റെക്.

## INDIA-FRANCE-UAE

ഇന്ത്യ-ഫ്രാൻസ്-യുഎഇ സംയുക്ത ത്രിരാഷ്ട്ര യോഗം വിദൂര ദൃശ്യസംവിധാനത്തിലുടെ നടന്നു. 2023 ഫെബ്രുവരിയിൽ അംഗീകരിച്ച ത്രികക്ഷി സഹകരണ ഉടമ്പടിയുടെ പുരോഗതി യോഗം വിലയിരുത്തി. സമ്പദ്‌വ്യവസ്ഥ, അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഊർജം, പരിസ്ഥിതി, സംസ്കാരം, വിദ്യാഭ്യാസം എന്നീ വിഷയങ്ങൾ ത്രിരാഷ്ട്ര ഉടമ്പടിയിൽ ഉൾപ്പെടുന്നു.